**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1364** **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്വദേശി ദർശൻ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ നിർമ്മാണം നടക്കുന്ന ടൂറിസം പദ്ധതികൾ എന്തെല്ലാമെന്നും ഇവ പൂർത്തീകരിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്തു നിലവിൽ നിർമാണം നടക്കുന്ന വിനോദ സഞ്ചാര പദ്ധതികളെക്കുറിച്ചും ഇവ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ചുമുള്ള വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | 2024-25 സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന ടൂറിസം പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയം ആവിഷ്കരിച്ച 'സ്വദേശ് ദർശൻ 2.0' പ്രകാരം കുമരകം (കോട്ടയം), ബേപ്പൂർ (കോഴിക്കോട്) വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് അനുമതി ലഭിച്ചിരുന്നു. കൂടാതെ, 'സ്വദേശ് ദർശൻ 2.0' സ്കീമിന്റെ ഉപപദ്ധതിയായ 'Challenge Based Destination Development' പ്രകാരമുള്ള വികസനത്തിനു Culture & Heritage Tourism വിഭാഗത്തിൽ വർക്കലയും Spiritual Tourism വിഭാഗത്തിൽ തലശേരിയും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ ഇടുക്കി ജില്ലയിലെ മലങ്കര ടൂറിസം പദ്ധതി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | 'സ്വദേശ് ദർശനു' കീഴിൽ പരിഗണിക്കാനായി 'Tourism Development at Malankara Dam surroundings and Idukki Dam surroundings' എന്ന പദ്ധതിയുടെ DPR കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിനു സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ